ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ.,

തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

വെബ്സൈറ്റ്: lsgd.kerala.gov.in

ഇ-മെയിൽ: pd.lsgd@kerala.gov.in

No. LSGD/PD/28563/2026-PH2 തീയതി: 20-09-2026

പ്രിൻസിപ്പൽ ഡയറക്ടർ

എല്ലാ ജില്ല ജോയിന്റ് ഡയറക്ടർമാർക്കും

സർ/മാഡം,

വിഷയം:

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - 'ഓപ്പറേഷൻ തൂഫാൻ 2.0' - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ ജനകീയ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതും - സംബന്ധിച്ച്.

സൂചന:

1. 10/09/2026 തീയതിയിൽ പ്രിൻസിപ്പൽ ഡയറക്ടറും ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസും തമ്മിൽ നടന്ന ചർച്ച.

2. 'ഓപ്പറേഷൻ തൂഫാൻ 2.0' സംബന്ധിച്ച മാർഗ്ഗരേഖ.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്ത് ലഹരിവസ്തുക്കളുടെ വ്യാപനവും ഉപയോഗവും പൂർണ്ണമായി തടയുന്നതിനായി കേരള പോലീസും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി 'ഓപ്പറേഷൻ തൂഫാൻ 2.0' വിപുലമായ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയാണ്. കേവലമൊരു നിയമപാലന നടപടിക്കപ്പുറം, പോലീസിന്റെ നിയമപാലന അധികാരവും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജനകീയ അടിത്തറയും ഏകോപിപ്പിച്ച് ഓരോ വാർഡിലേക്കും വീടുകളിലേക്കും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തുടനീളം ലഹരിവ്യാപനം തടയുന്നതിനായുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കൊപ്പം വിപുലമായ പ്രചാരണവും പ്രാദേശികതലത്തിലുള്ള ശക്തമായ നിരന്തര നിരീക്ഷണവും ഉറപ്പാക്കേണ്ടതുണ്ട്.

'ഓപ്പറേഷൻ തൂഫാൻ 2.0' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 28.09.2026-ന് മലപ്പുറം

ജില്ലയിലെ എ.ആർ. നഗർ ഗ്രാമപഞ്ചായത്തിൽ വെച്ച് രാവിലെ 11.00 മണിക്ക് ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. ചടങ്ങിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും ബഹു. ആഭ്യന്തര മന്ത്രിയും ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ചുമതലയുള്ള ബഹു.മന്ത്രിമാരും, മറ്റ് ജനപ്രതിനിധികളും,ഉന്നത ഉദ്യോഗസ്ഥരും പങ്കെടുക്കുന്നതാണ്. സംസ്ഥാനതല ഉദ്ഘാടനവുമായി ബന്ധപ്പെട്ട വിശദമായ പ്രോഗ്രാം നോട്ടീസ് പിന്നാലെ ലഭ്യമാക്കുന്നതാണ്. ഉത്ഘാടന പരിപാടി കിലയുടെ സഹായത്തോടെ ലൈവ് സ്ട്രീം ചെയ്യുന്നതാണ്. പ്രസ്തുത പരിപാടി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും തത്സമയം പൊതുജനങ്ങൾക്ക് വീക്ഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾ തദ്ദേശസ്ഥാപന സെക്രട്ടറിമാർ ചെയ്യേണ്ടതാണ്.

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അന്നേദിവസം 'തൂഫാൻ ഫ്ലാഗ്' ഉയർത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്. തൂഫാൻ ഫ്ലാഗ് പോലീസ് വകുപ്പ് ലഭ്യമാക്കുന്നതാണ്. കൂടാതെ, സംസ്ഥാനതല ഉദ്ഘാടനത്തിന്റെ ഭാഗമായി അന്നേദിവസം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സമാന്തര ചടങ്ങുകൾ സംഘടിപ്പിക്കേണ്ടതാണ്. ഫ്ലാഗ് ഉയർത്തൽ ചടങ്ങിന് ശേഷം തൂഫാൻ പ്രതിജ്ഞ, തൂഫാൻ വാരിയർ പ്രഖ്യാപനം, ‘ തൂഫാൻ വാരിയർ’ ബാഡ്ജ് വിതരണം, ബോധവൽക്കരണ ക്ലാസ്, വീഡിയോ പ്രദർശനം എന്നിവ പൊതുജന പങ്കാളിത്തത്തോടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അന്നേദിവസം സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത പരിപാടികളുടെ സംഘാനത്തിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ സഹകരണം ഉറപ്പാക്കേണ്ടതാണ്.

പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും*ഓരോ വാർഡിലും കുറഞ്ഞത് 10 സന്നദ്ധ പ്രവർത്തകരെ വീതം 'തൂഫാൻ വാരിയേഴ്സ്' **(Toofan Warriors)** ആയി കണ്ടെത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, ജനപ്രതിനിധികൾ, ഹരിതകർമ സേന പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, വിദ്യാർത്ഥികൾ, ആശാ വർക്കർമാർ, അങ്കണവാടി പ്രവർത്തകർ, യുവജനങ്ങൾ, അധ്യാപകർ, സർവീസ് പെൻഷൻകാർ, മറ്റ് സന്നദ്ധ സംഘടനാ അംഗങ്ങൾ തുടങ്ങിയവരെ തൂഫാൻ വാരിയേഴ്സായി പരിഗണിക്കാവുന്നതാണ്. 28.09.2026-ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന ചടങ്ങിൽ കണ്ടെത്തിയ തൂഫാൻ വാരിയേഴ്സിന്റെ പങ്കാളിത്തം നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്.

പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ വാർഡുകളിലും പ്രത്യേക 'തൂഫാൻ ഗ്രാമസഭകൾ' വിളിച്ചുചേർക്കേണ്ടതാണ്. ഈ ഗ്രാമസഭകളിലൂടെ ഓരോ വാർഡിൽ നിന്നും 10-ൽ കുറയാത്ത തൂഫാൻ വാരിയേഴ്സിനെ വിപുലീകരിച്ച വാർഡ് തല ജനജാഗ്രതാ സമിതിയുടെ ഭാഗമാക്കേണ്ടതാണ്. ജനജാഗ്രതാ സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി നിലവിലുള്ള അംഗങ്ങൾക്ക് പുറമെ ഒരു പോലീസ് ഉദ്യോഗസ്ഥനെയും തൂഫാൻ വാരിയേഴ്സിനെയും നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, ഹരിതകർമ്മ സേന, വിദ്യാർത്ഥി-യുവജന കൂട്ടായ്മകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയെ ഏകോപിപ്പിച്ച് താഴെത്തട്ടിൽ നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങളും ലഹരി വ്യാപന സാധ്യതയുള്ള ഹോട്ട്സ്പോട്ടുകൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിനും ലഹരിവിരുദ്ധ സന്ദേശം സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളിലേക്ക് എത്തിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ വിവിധ ജനകീയ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

റാലി, സൈക്ലിംഗ് റാലി, സ്കേറ്റിംഗ്, തെരുവ് നാടകം, പാവക്കൂത്ത്, ചുവർ ചിത്രരചന, കഥപറച്ചിൽ, ഫ്ലാഷ് മോബ്, ചിത്രരചനാ മത്സരം, ഗ്രൂപ്പ് ചർച്ച/ഡിബേറ്റ്, കവിതാ പാരായണം, വിദ്യാർത്ഥി-യുവജന കേന്ദ്രീകൃത പരിപാടികൾ, രക്ഷിതാക്കൾക്കായുള്ള ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. മുകളിൽപ്പറഞ്ഞ ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ ഏതെങ്കിലും 3-4പരിപാടികലെങ്കിലും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സംഘടിപ്പിക്കേണ്ടതാണ്. പരിപാടികളിൽ പോലീസ്, എക്സൈസ്, ആരോഗ്യ, വിദ്യാഭ്യാസ തുടങ്ങിയ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

സംഘടിപ്പിക്കുന്ന പരിപാടികളുടെയും തുടർന്നുള്ള പ്രവർത്തനങ്ങളുടെയും ഫോട്ടോകൾ, വീഡിയോകൾ, പങ്കെടുത്തവരുടെ വിവരങ്ങൾ, തൂഫാൻ വാരിയേഴ്സിന്റെ വിവരങ്ങൾ, തൂഫാൻ ഗ്രാമസഭയുടെ വിവരങ്ങൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതും ആയത് തദ്ദേശസ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്. ഉദ്ഘാടന പരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ടും ഫോട്ടോ/വീഡിയോ രേഖകളും ഉൾപ്പെടെയുള്ള വിവരങ്ങൾ ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസ് മുഖേന **10.10.2026**-നകം പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

'ഓപ്പറേഷൻ തൂഫാൻ **2.0**' ഒരു ഏകദിന പരിപാടിയായി പരിമിതപ്പെടുത്താതെ **12** മാസത്തെ തുടർച്ചയായ ജനകീയ ലഹരിവിരുദ്ധ പ്രവർത്തനമായി നടപ്പിലാക്കേണ്ടതാണ്. ഇതിനായി പദ്ധതിയുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള **12** മാസത്തെ പ്രവർത്തന കലണ്ടർ, ജില്ലാ തൂഫാൻ കെയർ കമ്മിറ്റികൾ, തൂഫാൻ ആഫ്റ്റർ കെയർ ഹോമുകൾ, വിദ്യാർത്ഥികൾക്കായുള്ള തൂഫാൻ ലഹരിവിരുദ്ധ ക്ലബ്ബുകൾ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനാവശ്യമായ ഏകോപനം ഉറപ്പാക്കേണ്ടതാണ്.

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാരും അതത് ജില്ലകളിലെ ജില്ലാ പോലീസ് മേധാവികളുമായി അടിയന്തിരമായി കൂടിയാലോചിച്ച്, ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരുടെയും സെക്രട്ടറിമാരുടെയും യോഗം ഉടൻ വിളിച്ചുചേർക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽ **28.09.2026**-ന് സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കേണ്ട സമാന്തര പരിപാടികൾ, തൂഫാൻ ഫ്ലാഗ് ഉയർത്തൽ, തൂഫാൻ വാരിയേഴ്സിനെ കണ്ടെത്തി പങ്കാളികളാക്കൽ, തൂഫാൻ ഗ്രാമസഭകളുടെ സംഘാടനം, ജനജാഗ്രതാ സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനം, പോലീസ്–തദ്ദേശ സ്വയംഭരണ സ്ഥാപന ഏകോപനം, **12** മാസത്തെ പ്രവർത്തന കലണ്ടർ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

ഫ്ലാഗ് ഉയർത്തൽ ചടങ്ങുകൾ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികളും തുടർപ്രവർത്തനങ്ങളും സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന മാർഗ്ഗരേഖ ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അതീവ പ്രാധാന്യത്തോടെ പരിഗണിച്ച്, ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ അടിയന്തിരമായി നൽകേണ്ടതാണ്. കൂടാതെ, പോലീസ് വകുപ്പുമായി ഫലപ്രദമായ ഏകോപനം ഉറപ്പാക്കിക്കൊണ്ട് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന പരിപാടികളുടെയും തുടർ പ്രവർത്തനങ്ങളുടെയും വിജയകരമായ നടത്തിപ്പിനാവശ്യമായ എല്ലാ നടപടികളും ജില്ലാ ജോയിന്റ് ഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**Dr. Divya S Iyer IAS**

**PRINCIPAL DIRECTOR**

പ്രിൻസിപ്പൽ ഡയറക്ടർ

ഉള്ളടക്കം: സൂചന 2 മാർഗ്ഗരേഖ

## കേരള സർക്കാർ

## ഓപ്പറേഷൻ തൂഫാൻ (രണ്ടാം ഘട്ടം)
## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന താഴെത്തട്ടിലുള്ള ലഹരിവിരുദ്ധ ജനകീയ മുന്നേറ്റം - മാർഗ്ഗരേഖ.

കേരള പോലീസിന്റെ അഭിമാനകരമായ ലഹരിവിരുദ്ധ പദ്ധതിയായ 'ഓപ്പറേഷൻ തൂഫാൻ' ആദ്യഘട്ടത്തിൽ ലഹരി വിതരണ ശൃംഖലകൾ തകർക്കുന്നതിലും, അന്തർസംസ്ഥാന ബന്ധങ്ങൾ കണ്ടെത്തുന്നതിലും, സംഘടിത ലഹരി മാഫിയകളുടെ സാമ്പത്തിക സ്രോതസ്സുകൾ മരവിപ്പിക്കുന്നതിലും വലിയ വിജയമാണ് കൈവരിച്ചത്. എന്നാൽ കർശനമായ നിയമപാലന നടപടികളിലൂടെ മാത്രം ഇതിനൊരു ശാശ്വത പരിഹാരം സാധ്യമല്ല. ലഹരിക്കെതിരായ പോരാട്ടത്തിൽ 'ലഹരിയുടെ ആവശ്യം കുറയ്ക്കലും' (Demand Reduction) 'പ്രാരംഭ ഘട്ടത്തിലുള്ള ഇടപെടലുകളും' (Early Intervention), ചികിത്സ, പുനരധിവാസം, സാമൂഹിക പുനഃസംയോജനം എന്നിവ താഴെത്തട്ടിൽ നിന്ന് തന്നെ ആരംഭിക്കേണ്ടതുണ്ട്.

ഈ പശ്ചാത്തലത്തിൽ, ഓപ്പറേഷൻ തൂഫാൻ രണ്ടാം ഘട്ടം കേവലമൊരു പോലീസ് കേന്ദ്രീകൃത നടപടി എന്നതിലുപരി ഒരു സമഗ്ര 'ജനകീയ മുന്നേറ്റം' ആയാണ് വിഭാവനം ചെയ്യുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള പോലീസ്, കുടുംബശ്രീ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യനീതി, യുവജനകാര്യ തുടങ്ങിയ വകുപ്പുകളുടെയും സംവിധാനങ്ങളുടെയും ഏകോപിത ഇടപെടലിലൂടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ പോലീസ് സ്റ്റേഷനുകളിൽ നിന്ന് വാർഡുകളിലേക്കും വീടുകളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും തൊഴിലിടങ്ങളിലേക്കും വ്യാപിപ്പിക്കുകയാണ് ഈ ഘട്ടത്തിന്റെ ലക്ഷ്യം. ശിക്ഷാ നടപടികൾക്ക് അപ്പുറം, ഇരകളെ മുൻകൂട്ടി കണ്ടെത്തുക, ലഹരി ഉപയോഗത്തിലേക്ക് വഴുതിപ്പോകാൻ സാധ്യതയുള്ളവരെയും ഇതിനകം ഉപയോഗത്തിൽപ്പെട്ടവരെയും കണ്ടെത്തുക, ആവശ്യമായ കൗൺസിലിംഗ്, ചികിത്സ, പുനരധിവാസം എന്നിവ ഉറപ്പാക്കുക, ലഹരി വ്യാപനത്തിനെതിരെ ശക്തമായ സാമൂഹിക പ്രതിരോധം സൃഷ്ടിക്കുക എന്നിവയാണ് രണ്ടാം ഘട്ടത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ.

### പ്രധാന തന്ത്രപരമായ ലക്ഷ്യങ്ങൾ

- **ലഹരിയുടെ ആവശ്യം കുറയ്ക്കൽ (Demand Reduction):** ശക്തമായ ജനകീയ ഇടപെടലുകളിലൂടെ ലഹരിയോടുള്ള സാമൂഹിക താല്പര്യം

കുറച്ചുകൊണ്ടുവരിക. ജനകീയ ബോധവൽക്കരണം, കുടുംബതലത്തിലുള്ള ഇടപെടൽ, യുവജന പങ്കാളിത്തം, ആരോഗ്യ-വിദ്യാഭ്യാസ ഇടപെടലുകൾ എന്നിവയിലൂടെ ലഹരിയോടുള്ള ആകർഷണവും ഉപയോഗസാധ്യതയും കുറയ്ക്കുക.

- **വാർഡ് തല ജാഗ്രതാ സംവിധാനം (Institutionalizing Ward-Level Vigilance):** സംസ്ഥാനത്തെ 20,999 വാർഡുകളെയും (പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ) ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ പ്രാഥമിക സാമൂഹിക ഇടപെടൽ കേന്ദ്രങ്ങളാക്കി മാറ്റുക.
- **സമഗ്ര പുനരധിവാസം (Holistic Rehabilitation):** ലഹരിക്ക് അടിമപ്പെട്ടവരെ കുറ്റവാളികളായി കാണാതെ, അവർക്ക്, ആവശ്യമായ സാഹചര്യങ്ങളിൽ കൗൺസിലിംഗ്, ചികിത്സ, ഡി-അഡിക്ഷൻ സേവനങ്ങൾ, മാനസിക പിന്തുണ, കുടുംബപിന്തുണ, സാമൂഹിക പുനഃസംയോജനം എന്നിവ ലഭ്യമാക്കി സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരിക.
- **രഹസ്യ വിവരശേഖരണം (Intelligence Crowdsourcing):** ലഹരി വിൽപ്പന, വിതരണം, ഉപയോഗം, അവരുടെ കേന്ദ്രങ്ങൾ, പ്രാദേശിക ഹോട്ട്സ്പോട്ടുകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് സുരക്ഷിതമായും രഹസ്യാത്മകമായും പോലീസിനെ അറിയിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
- **യുവജന-വിദ്യാർത്ഥി പങ്കാളിത്തം (Youth & Campus Mobilization):** യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ഊർജ്ജവും കഴിവുകളും കായികം, കല, സാംസ്കാരിക പ്രവർത്തനങ്ങൾ, സാമൂഹിക സേവനം, ക്രിയാത്മക പ്രവർത്തനങ്ങൾ എന്നിവയിലേക്ക് വഴിതിരിച്ചുവിട്ട് ലഹരിയിൽ നിന്ന് സുരക്ഷിതമായ സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുക..

## അടിസ്ഥാനതല നിർവ്വഹണം: വാർഡുതല ജനജാഗ്രതാ സമിതികൾ

ഓപ്പറേഷൻ തൂഫാൻ രണ്ടാം ഘട്ടത്തിന്റെ വിജയം പ്രധാനമായും താഴെത്തട്ടിൽ തുടർച്ചയായി നടപ്പാക്കുന്ന ശക്തമായ ജനകീയ ഇടപെടലുകളെ ആശ്രയിച്ചിരിക്കുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തൂഫാൻ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ, ആരോഗ്യ-

വിദ്യാഭ്യാസ മേഖലകളിലെ പ്രവർത്തകർ, കുടുംബശ്രീ പ്രതിനിധികൾ, യുവജന-വിദ്യാർത്ഥി പ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, സാമൂഹിക പ്രവർത്തകർ തുടങ്ങിയവരുടെ സജീവ പങ്കാളിത്തത്തോടെ വാർഡുതല ജനജാഗ്രതാ സമിതികൾ കാര്യക്ഷമമാക്കും. ഈ സമിതികളിലൂടെ ലഹരി ഉപയോഗത്തിനും വിതരണത്തിനുമെതിരായ ബോധവൽക്കരണം, പ്രതിരോധം, നിരീക്ഷണം, ആവശ്യമായ ഇടപെടൽ എന്നിവ ഏകോപിപ്പിച്ച്, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് സ്ഥിരവും സുസ്ഥിരവുമായ ജനകീയ സംവിധാനം ഉറപ്പാക്കും..

സമിതികൾ പ്രദേശത്തെ ലഹരി സംബന്ധമായ പ്രശ്നങ്ങൾ തിരിച്ചറിയുകയും, ബോധവൽക്കരണവും പ്രതിരോധ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും, ആവശ്യമായ സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിലേക്കും സംവിധാനങ്ങളിലേക്കും വ്യക്തികളെ/കുടുംബങ്ങളെ ബന്ധിപ്പിക്കുകയും ചെയ്യും.

## <u>സംസ്ഥാനതല ഉദ്ഘാടനവും കർമ്മപരിപാടികളും</u>

'ഓപ്പറേഷൻ തൂഫാൻ 2.0' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 28.09.2026-ന് മലപ്പുറം ജില്ലയിലെ എ.ആർ. നഗർ ഗ്രാമപഞ്ചായത്തിൽ വെച്ച് രാവിലെ 11.00 മണിക്ക് ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. 'ഓപ്പറേഷൻ തൂഫാൻ 2.0' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 28.09.2026-ന് മലപ്പുറം ജില്ലയിലെ എ.ആർ. നഗർ ഗ്രാമപഞ്ചായത്തിൽ വെച്ച് രാവിലെ 11.00 മണിക്ക് ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. ചടങ്ങിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും ബഹു. ആഭ്യന്തര മന്ത്രിയും ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ചുമതലയുള്ള ബഹു.മന്ത്രിമാരും, മറ്റ് ജനപ്രതിനിധികളും, ഉന്നത ഉദ്യോഗസ്ഥരും പങ്കെടുക്കുന്നതാണ്. സംസ്ഥാനതല ഉദ്ഘാടനവുമായി ബന്ധപ്പെട്ട വിശദമായ പ്രോഗ്രാം നോട്ടീസ് പിന്നാലെ ലഭ്യമാക്കുന്നതാണ്. ഉത്ഘാടന പരിപാടിക്ക് വേണ്ടിയുള്ള സ്വാഗത സംഘം രൂപീകരണത്തിന് ശേഷം വിശദമായ പ്രോഗ്രാം നോട്ടീസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഉത്ഘാടന പരിപാടി കിലയുടെ സഹായത്തോടെ ലൈവ് സ്ട്രീം ചെയ്യുന്നതാണ്. പ്രസ്തുത പരിപാടി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും തത്സമയം പൊതുജനങ്ങൾക്ക് വീക്ഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾ തദ്ദേശ സ്ഥാപന സെക്രട്ടറിമാർ ചെയ്യേണ്ടതാണ്. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ആസ്ഥാനങ്ങളിലും സമാന്തര ചടങ്ങുകൾ സംഘടിപ്പിക്കേണ്ടതാണ്.

**ഉദ്ഘാടന ദിനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ നിർവഹിക്കേണ്ട പ്രധാന കർമ്മപരിപാടികൾ:**

- **പതാക ഉയർത്തൽ:** സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തദ്ദേശസ്ഥാപന അധ്യക്ഷന്മാർ, ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഒരേസമയം 'തൂഫാൻ പതാക' ഉയർത്തും – 1200 Local Self Government Institutions (941 Gram Panchayats, 152 Block Panchayats, 14 District Panchayats, 87 Municipalities & 6 Corporations).
- ഫ്ലാഗ് ഉയർത്തൽ ചടങ്ങിന് ശേഷം തൂഫാൻ പ്രതിജ്ഞ, തൂഫാൻ വാരിയർ പ്രഖ്യാപനം, 'തൂഫാൻ വാരിയർ' ബാഡ്ജ് വിതരണം
- സബ് ഇൻസ്പെക്ടർ റാങ്കിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്, പദ്ധതി സംബന്ധിച്ച വീഡിയോ പ്രദർശനം എന്നിവ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും അന്നേദിവസം പോലീസ് വകുപ്പ് സംഘടിപ്പിക്കുന്നതാണ്.
- **ജനകീയ പങ്കാളിത്തം:** ജനപ്രതിനിധികൾ തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, ഹരിതകർമ്മ സേന പ്രവർത്തകർ, വിദ്യാർത്ഥികൾ, ആശാ വർക്കർമാർ, അങ്കണവാടി വർക്കർമാർ, യുവജനങ്ങൾ, അധ്യാപകർ, സർവീസ് പെൻഷനർമാർ, മറ്റ് സന്നദ്ധ സംഘടന അംഗങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ തദ്ദേശതല പരിപാടികൾ പൂർത്തിയാക്കാവുന്നതാണ്.

**<u>പ്രധാന കർമ്മപദ്ധതികളും ഇടപെടലുകളും</u>**

A. താഴെത്തട്ടിലുള്ള ജനകീയ പങ്കാളിത്തവും ബോധവൽക്കരണവും

- **സ്പെഷ്യൽ തൂഫാൻ ഗ്രാമസഭകൾ:** തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരുടെയും കടലോര ജാഗ്രതാ സമിതികളുടെയോ ഏകോപനത്തിൽ, പ്രദേശത്തെ ലഹരി ഭീഷണികളും ലഹരിയുമായി ബന്ധപ്പെട്ട പ്രാദേശിക പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനും, ലഹരി ഉപയോഗവും വിതരണവും പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിയുന്നതിനുള്ള മാർഗങ്ങൾ ആവിഷ്കരിക്കുന്നതിനും, പ്രാദേശിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ പ്രതിരോധ തന്ത്രങ്ങളും പ്രവർത്തന പദ്ധതികളും രൂപപ്പെടുത്തുന്നതിനുമായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ 20,999 വാർഡുകളിലും പ്രത്യേക "തൂഫാൻ ഗ്രാമസഭകൾ" വിളിച്ചുചേർക്കും.

- **കുടുംബശ്രീ - അയൽക്കൂട്ട ശൃംഖല:** കുടുംബശ്രീ, ഹരിതകർമ്മ സേന എന്നിവരുടെ സഹായത്തോടെ പ്രാദേശിക ലഹരി വ്യാപന കേന്ദ്രങ്ങളും (Hotspots) ശ്രദ്ധ ആവശ്യമുള്ള കുടുംബങ്ങളെയും കണ്ടെത്തും.

B. സുരക്ഷിതമായ വിവരശേഖരണം (Secure Intelligence Gathering)

- **രഹസ്യ വിവര കൈമാറ്റ സംവിധാനങ്ങൾ:** ലഹരി വിൽപ്പന, വിതരണം, ഉപയോഗം, ലഹരി വ്യാപന കേന്ദ്രങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് സുരക്ഷിതമായി പോലീസിനെ അറിയിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ആവശ്യമായിടത്ത് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യും. വിവരങ്ങൾ നൽകുന്ന വ്യക്തികളുടെ രഹസ്യാത്മകത പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് ടോൾ ഫ്രീ നമ്പറുകൾ, വാട്ട്സ്ആപ്പ് ഹെൽപ്പ് ലൈനുകൾ, QR കോഡുകൾ എന്നിവ വ്യാപകമാക്കും.

C.'തൂഫാൻ കെയർ': പ്രാരംഭ ഘട്ടത്തിലുള്ള കണ്ടെത്തലും പുനരധിവാസവും

- **ജില്ലാ തൂഫാൻ കെയർ കമ്മിറ്റികൾ:** ജില്ലാ പോലീസ് മേധാവിയുടെ (SP/CP) കീഴിൽ മനഃശാസ്ത്രജ്ഞർ, ഡി-അഡിക്ഷൻ സ്പെഷ്യലിസ്റ്റുകൾ, മെഡിക്കൽ ഓഫീസർമാർ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റികൾ രൂപീകരിക്കും. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് സഹായം ആവശ്യമായ വ്യക്തികളെ അനുയോജ്യമായ സേവനങ്ങളിലേക്ക് ബന്ധിപ്പിക്കുകയും തുടർപരിചരണവും സാമൂഹിക പുനഃസംയോജനവും ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് കമ്മിറ്റിയുടെ പ്രധാന ചുമതല.
- **തൂഫാൻ ആഫ്റ്റർ കെയർ ഹോമുകൾ (After-Care Homes):** ലഹരിമുക്തരായവർ വീണ്ടും ലഹരി ഉപയോഗത്തിലേക്ക് മടങ്ങിപ്പോകാതിരിക്കാനും, അവർക്ക് കുടുംബ-സാമൂഹിക പിന്തുണ ഉറപ്പാക്കി, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരികെ കൊണ്ടുവരുന്നതിനുമായി After-Care സംവിധാനങ്ങൾ ശക്തിപ്പെടുത്തും..

D. വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമുള്ള സുരക്ഷാ വലയം

- **തൂഫാൻ ലഹരിവിരുദ്ധ ക്ലബ്ബുകൾ**: വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിലുള്ള ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് **(SPG)**/കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പ് **(CPG)**

എന്നിവയുടെ ആഭിമുഖ്യത്തിൽ കൂടുതൽ ഊർജിതമാക്കുകയും, വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം പ്രാരംഭഘട്ടത്തിൽ തിരിച്ചറിയുന്നതിനും ലഹരിവിരുദ്ധ ബോധവൽക്കരണവും പ്രതിരോധ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനുമായി ക്ലബ്ബുകളെ 'തൂഫാൻ ലഹരിവിരുദ്ധ ക്ലബ്ബുകൾ' കൂടുതൽ പ്രവർത്തനക്ഷമമാക്കുകയും ചെയ്യും.

**<u>12 മാസത്തെ തുടർച്ചയായ പ്രവർത്തന കലണ്ടർ</u>**

പദ്ധതിയുടെ ഊർജ്ജം നഷ്ടപ്പെടാതിരിക്കാൻ ഓരോ വാർഡ് സമിതിയും ഒരു വർഷത്തെ കലണ്ടർ പ്രകാരം പ്രവർത്തിക്കും:

- **മാസം 1-3:** സ്പെഷ്യൽ ഗ്രാമസഭകൾ, ക്യാമ്പസ് ബോധവൽക്കരണം, പ്രാദേശിക ഹോട്ട്സ്പോട്ടുകൾ കണ്ടെത്തൽ.
- **മാസം 4-6:** രക്ഷിതാക്കൾക്ക് കൗൺസിലിംഗ് ക്യാമ്പുകൾ, യുവജനങ്ങൾക്കായി ലഹരിവിരുദ്ധ കായികമേളകൾ, കലാമത്സരങ്ങൾ.
- **മാസം 7-9:** രഹസ്യവിവര കൈമാറ്റ സംവിധാനങ്ങളുടെ പ്രചാരണം, മെഡിക്കൽ/ഡി-അഡിക്ഷൻ ക്യാമ്പുകൾ, തൊഴിലിടങ്ങളിലെ ബോധവൽക്കരണം.
- **മാസം 10-12:** കുടുംബശ്രീ ഗൃഹസന്ദർശനങ്ങൾ, വിദ്യാർത്ഥികൾക്കുള്ള മെന്ററിംഗ് ശിൽപശാലകൾ, മികച്ച വാർഡുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സംസ്ഥാനതല അംഗീകാരം.

ലഹരി മാഫിയകൾക്കെതിരെ ശക്തവും ജനകീയവുമായ ഒരു പ്രതിരോധം സൃഷ്ടിക്കാനുള്ള നിർണ്ണായക ചുവടുവെപ്പാണ് ഓപ്പറേഷൻ തൂഫാൻ രണ്ടാം ഘട്ടം . പോലീസിന്റെ നിയമപാലന ശേഷിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയ അടിത്തറയും ആരോഗ്യ-വിദ്യാഭ്യാസ സംവിധാനങ്ങളുടെ വിദഗ്ദ്ധ പിന്തുണയും കുടുംബശ്രീയുടെയും യുവജനങ്ങളുടെയും സമൂഹത്തിന്റെയും പങ്കാളിത്തവും ഏകോപിപ്പിക്കുന്നതിലൂടെ, ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ ഓരോ വാർഡിലേക്കും ഓരോ കുടുംബത്തിലേക്കും എത്തിക്കുകയാണ് ലക്ഷ്യം.

**ലഹരിമുക്ത കുടുംബം – ലഹരിമുക്ത വിദ്യാലയം – ലഹരിമുക്ത വാർഡ് – ലഹരിമുക്ത കേരളം**" എന്ന ലക്ഷ്യത്തിലേക്ക് സംസ്ഥാനത്തെ ജനകീയമായി മുന്നോട്ടുനയിക്കുന്നതിനുള്ള ഒരു തുടർച്ചയായ സാമൂഹിക പ്രസ്ഥാനമായി **ഓപ്പറേഷൻ തൂഫാൻ രണ്ടാം ഘട്ടം** മാറണം.